**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6356** **10-07-2024 - ൽ മറുപടിയ്ക്ക്**

**ദേശീയ പാതയുടെ നടുവിലുള്ള പൈപ്പ് ലൈൻ മാറ്റുന്നത്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ. സുജിത് വിജയൻപിള്ള | | ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | ശാസ്താംകോട്ടയിൽ നിന്നും കൊല്ലത്തേക്ക് കുടിവെള്ളം കൊണ്ടുപോകുന്ന പൈപ്പ്ലൈൻ നിലവിലുള്ള ദേശീയപാതയുടെ നടുവിലാണ് സ്ഥിതിചെയ്യുന്നത് എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ; | (എ) | ഉണ്ട്. ശാസ്താംകോട്ടയിൽ നിന്നും കൊല്ലത്തേക്കുള്ള കുടിവെള്ളം കൊണ്ടുപോകുന്ന പൈപ്പ് ലൈൻ റോഡ് നവീകരണത്തിന് മുമ്പ് റോഡിന്റെ സൈഡിലാണ് സ്ഥാപിച്ചിരുന്നത്. എന്നാൽ ദേശീയ പാത വികസനത്തിന്റെ ഭാഗമായി റോഡിന്റെ വീതി ഇരുവശങ്ങളിലും വർദ്ധിപ്പിച്ച് വരുന്നതിനാൽ പൈപ്പ് ലൈൻ മിക്ക സ്ഥലങ്ങളിലും റോഡിന്റെ നടുവിലായിട്ടുണ്ട്. |
| (ബി) | പ്രസ്തുത പൈപ്പ്ലൈൻ പുതിയ ദേശീയ പാത നിർമ്മിക്കുമ്പോൾ സൈഡിലേക്ക് മാറ്റി സ്ഥാപിക്കാതെ റോഡ് പണി പൂർത്തീകരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; അറിയിക്കാമോ; | (ബി) | റോഡ് വീതി കൂട്ടുന്നതിന്റെ ഭാഗമായി നിലവിൽ റോഡിനടിയിലുള്ള പൈപ്പ് ലൈനുകൾ - മാറ്റി സ്ഥാപിക്കേണ്ട ചുമതല റോഡ് അതോറിറ്റിക്കാണ് (Utility Shifting). പ്രസ്തുത പൈപ്പ് ലൈനുകൾ മാറ്റി സ്ഥാപിക്കുന്നതിന് വേണ്ടിയുള്ള എസ്റ്റിമേറ്റ് നാഷണൽ ഹൈവേ അതോറിറ്റി ഓഫ് ഇന്ത്യക്ക് നൽകിയിട്ടുണ്ട്. കൂടാതെ അടിയന്തിരമായി പൈപ്പ് മാറ്റി സ്ഥാപിക്കേണ്ട ആവശ്യകത സൂചിപ്പിച്ച് NHAI-യ്ക്ക് കത്തുകൾ നല്കിയിട്ടുണ്ട്. |
| (സി) | സൈഡിലേക്ക് മാറ്റി പുതിയ പൈപ്പ് ലൈൻ സ്ഥാപിക്കുന്നതിന് ഭൂമി ഏറ്റെടുക്കുമോ; വ്യക്തമാക്കാമോ? | (സി) | റോഡ് വീതി കൂട്ടുന്നതിന്റെ ഭാഗമായി നിലവിൽ റോഡിനടിയിലുള്ള പൈപ്പ് ലൈനുകൾ - മാറ്റി സ്ഥാപിക്കേണ്ട ചുമതല റോഡ് അതോറിറ്റിക്കാണ് (Utility Shifting). പ്രസ്തുത പൈപ്പ് ലൈനുകൾ മാറ്റി സ്ഥാപിക്കുന്നതിന് വേണ്ടിയുള്ള എസ്റ്റിമേറ്റ് നാഷണൽ ഹൈവേ അതോറിറ്റി ഓഫ് ഇന്ത്യക്ക് നൽകിയിട്ടുണ്ട്. കൂടാതെ അടിയന്തിരമായി പൈപ്പ് മാറ്റി സ്ഥാപിക്കേണ്ട ആവശ്യകത സൂചിപ്പിച്ച് NHAI-യ്ക്ക് കത്തുകൾ നല്കിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ